# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 3, No. 8 : ആഗസ്ത് 2010**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*തപോ ച ബ്രഹ്മചരിയം ച,*
*അരിയസച്ചാന ദസ്സനം.*
*നിബ്ബാനസച്ഛികിരിയാ ച,*
*ഏതം മംഗളമുത്തമം.*

തപസ്സ് ചെയ്യുക, ബ്രഹ്മചര്യം പാലിക്കുക,
ആര്യ സത്യങ്ങളെ ദർശിക്കുക,
നിർവ്വാണത്തെ സാക്ഷാത്കരിക്കുക.
ഇതാണ് ഉത്തമമായ മംഗളം.

— **ഖുദ്ദക നികായ, ഖുദ്ദകപാഠപാളി, മംഗളസുത്തം** (വീ.ആർ.ഐ. 1.4)

# ധാരണം ചെയ്താൽ ധർമ്മം, ജോലി സ്വയം ചെയ്യേണ്ടതുണ്ട്

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ ഏഴാം ഭാഗം.)*

ഏതെങ്കിലും തപോഭൂമിയിൽ പോയി വിപശ്യന പഠിക്കുന്നവർക്ക് ഈ കാര്യം വളരെ നല്ല രീതിയിൽ മനസ്സിലാക്കേണ്ടതുണ്ട് – ആദ്യചുവട് സ്വന്തം ശ്വാസത്തെപ്പറ്റിയുള്ള സത്യമാണ്. അതിനെ സാക്ഷി ഭാവത്തിൽ, നിഷ്പക്ഷ ഭാവത്തിൽ അറിയാനുള്ള ജോലി ചെയ്യുകയാണ്. അതിനൊടൊപ്പം എങ്ങാനും മറന്നുപോലും ഏതെങ്കിലും ശബ്ദം കൂട്ടിച്ചേർക്കരുത്. ചിത്തത്തെ ഏകാഗ്രമാക്കണമെങ്കിൽ ഏതെങ്കിലും ശബ്ദത്തെ വീണ്ടു–വീണ്ടും, വീണ്ടും–വീണ്ടും ആവർത്തിച്ച് ആവർത്തിച്ച് മനസ്സ് പൂർണ്ണമായും സമാഹിതമായിത്തീരും, നന്നായിട്ടു തോന്നും, ശാന്തമായിത്തീരും. എന്നാൽ ഉള്ളിൽ വികാരങ്ങളുടെ സംഗ്രഹം അത്തരത്തിൽ തന്നെ ആളി കത്തുകയാണ്. ഈ ഉറങ്ങിക്കിടക്കുന്ന ജ്വാലാമുഖികൾ ഏതുസമയത്തും പൊട്ടി ത്തെറിക്കാവുന്നതാണ് അപ്പോൾ അതേ പ്രകാരത്തിൽ നമ്മൾ വികാരഗ്രസ്ഥരായിത്തീരും, അതേ പ്രകാരം ദുഖങ്ങളിൽ കുരുങ്ങാൻ തുടങ്ങും. ആർക്ക് വേരോടുകൂടി സ്വന്തം വികാരങ്ങളെ നീക്കേണ്ടതുണ്ടോ, അവർ ഏതെങ്കിലും ശബ്ദത്തിന്റെ പ്രയോഗം ചെയ്യരുത്. അന്യ പ്രകാരത്തിലുള്ള സാധനകളിൽ ശബ്ദത്തിന് സ്വന്തം ലാഭമുണ്ട്. എന്നാൽ വേരുകൾവരെ പോയി വികാരം നീക്കം ചെയ്യുന്നതിൽ ഇതിന്റെ ഒരു ഉപയോഗവുമില്ല. നേരെമറിച്ച് ഇത് ബാധകവുമാകാവുന്നതാണ്.

ചിത്തം ഏകാഗ്രമാക്കണമെങ്കിൽ ഏതെ ങ്കിലും ശബ്ദത്തെ ആവർത്തിച്ചുകൊണ്ടു പോകുകയാണ്, അമ്മ സ്വന്തം കുട്ടിയെ താരാട്ടു പാടി ഉറക്കാൻ ആഗ്രഹിക്കുന്നതുപോലെ 'രാജാ കുട്ടി ഉറങ്ങു, രാജാ കുട്ടി ഉറങ്ങു.' വീണ്ടും–വീണ്ടും, വീണ്ടും–വീണ്ടും ആവർത്തിക്കുന്നു. ആ കുട്ടി സത്യമായും ഉറങ്ങുന്നു. അത്തരത്തിൽ തന്നെ നമ്മുടെ മനസ്സിന് നമ്മൾ ഏതെങ്കിലും ശബ്ദത്തിന്റെ താരാട്ടുകൊടുക്കാൻ തുടങ്ങിയാൽ താരാട്ട് കേട്ട് കേട്ട് അതിൽ ഏകാഗ്രമാകുക തന്നെ ചെയ്യും, എന്നാൽ ഈ ശബ്ദം നമ്മളെ മുന്നോട്ടു പോകുന്നതിന്, തന്നെക്കുറിച്ചുള്ള സത്യം ഗവേഷണം ചെയ്യുന്നതിന് ബാധകമാകും.

ശബ്ദങ്ങളുപയോഗിച്ചുള്ള സാധനയുടെ അനുഭവം എനിക്കുണ്ടായതു കാരണം ഈ തടസ്സത്തെ ഞാൻ ശരിക്കും മനസ്സിലാക്കുന്നു. അന്യ ജനങ്ങൾക്കും തടസ്സങ്ങൾ വന്നു, അവരുടെ അനുഭവം കേൾക്കുമ്പോൾ ഈ കാര്യം സത്യമാണെന്ന് കൂടുതൽ ബോധ്യപ്പെടുന്നു. നമ്മുടെ ഇവിടെയുള്ള ഒരു മഹാനായ മഹർഷി, മഹർഷി കബീർ ഈ കാര്യത്തെ പറയുന്നു – ശബ്ദത്തിന്റെ സഹായം എടുത്ത് എടുത്ത് ഉള്ളിൽ നിന്ന് ഒരു ധ്വനി ഉണരാൻ തുടങ്ങും അതിനെ 'അജപാ ജാപ്' എന്നു വിളിക്കപ്പെടുന്നു. ധ്വനിയുടെ ഒരു നൂല് കെട്ടുപെട്ടു. അയ്യോ, ആ നൂലു തന്നെ തടസ്സമായി. ഉള്ളിലുള്ള അന്തരീക്ഷത്തിനെപ്പറ്റി ഗവേഷണം ചെയ്യേണ്ടതുണ്ട്, എന്തെന്നാൽ ശരീരത്തിന്റെയും ചിത്തത്തിന്റെയും അപ്പുറത്തുള്ള ആ അവസ്ഥയുടെ സാക്ഷാത്കാരം ആകണം, അത് പരമസത്യത്തിന്റെ അവസ്ഥയാണ്. അതിനാൽ മഹാൻ പറയുന്നു, അയ്യോ, ആ നൂലുണ്ടല്ലോ അതുതന്നെ തടസ്സമായി. അതിനാൽ പറയുന്നു –

'താഗാ ടൂടാ, നഭ മെ വിനസഗാ, സബദ ജൂ കഹാം സമായി രെ'

ഈ നൂലുണ്ടായിരുന്നല്ലോ, അതും മുറിഞ്ഞുപോയി. ആ അന്തരീക്ഷത്തിൽ ആ നൂലുപോലും ഉണ്ടാകാൻ സാധ്യമല്ല. ശബ്ദമാകട്ടെ അതിലും വളരെ സ്ഥൂലമാണ്, എങ്ങനെ ഉണ്ടാകും. മനസ്സിലാക്കേണ്ടതുണ്ട് – നമ്മൾ ഏതെങ്കിലും അത്തരം മാധ്യമം, ഏതെങ്കിലും അത്തരം ആലംബനം ഉപയോഗിക്കാൻ പാടില്ല, മുന്നോട്ടു പോകുമ്പോൾ അതു തന്നെ നമുക്കു തടസ്സമുണ്ടാക്കും എന്നത്. നമുക്ക് ഒരു ശാസ്ത്രജ്ഞനെപ്പോലെ സ്വന്തം ശരീരത്തിനെയും ചിത്തസ്കന്ദത്തിനെയും പറ്റി ഏതൊരു പരസ്പര സംബന്ധമുണ്ടോ, അതിനെപ്പറ്റി, വികാരങ്ങളുടെ ഉത്പത്തിയെപ്പറ്റി, വികാരങ്ങളുടെ സംവർദ്ധന ത്തെപ്പറ്റി, കൂടാതെ അതിന്റെ നീക്കം ചെയ്യുന്നതിനെപ്പറ്റി ഏതൊരു കാര്യങ്ങൾ നമുക്ക് നമ്മുടെ അനുഭൂതിയാൽ അറിയേണ്ടതുണ്ടോ, അതിൽ ഇതെങ്ങാനും തടസ്സമായി മാറാൻ പാടില്ല. എപ്രകാരമാണോ അപ്രകാരം. മതി, ഇത്രതന്നെ അറിയുക. എപ്രകാരമോ, അപ്രകാരം. അപ്പോൾ മുന്നേറിക്കൊണ്ടു തന്നെ ഇരിക്കും. ശ്വാസത്തിന്റെ സംബന്ധം നമ്മുടെ ശരീരത്തിനോടുമുണ്ട്, ശ്വാസത്തിന്റെ സംബന്ധം നമ്മുടെ ചിത്തത്തിനോടു മുണ്ട്. ഇത് രണ്ടിനെയും പറ്റി സത്യങ്ങൾ പ്രകടമായിക്കൊണ്ടു പോകും, പ്രകടമായിക്കൊണ്ടു പോകും.

തുടക്കത്തിലുള്ള കഠിനതകൾ ഉണ്ടാകുക തന്നെ ചെയ്യും. ചിത്തത്തെ കേവലം ഏകാഗ്രമാക്കണമെങ്കിൽ ഈ കഠിനതകളിൽ നിന്നും രക്ഷപ്പെടുമായിരുന്നു. എന്നാൽ നമുക്ക് ചിത്തത്തിന്റെ ആഴങ്ങളിൽ നിന്ന് വികാരങ്ങളെ നീക്കം ചെയ്യേണ്ടതുണ്ട്. അതിനാൽ ഈ കഠിനതകളിൽ കൂടി കടന്നുപോകേണ്ടതുണ്ട്. കാട്ടുസ്വഭാവമുള്ള മനസ്സാണ്. ഇത്ര ചഞ്ചലമാണ്, ഇത്ര ചപലമാണ്. കേവലം പുറമെപുറമെയുള്ള മനസ്സല്ല, ആഴങ്ങൾവരെ എത്ര ചഞ്ചലമാണ്, എത്ര ചപലമാണ്. കുരങ്ങിനെപ്പോലെ ഈ മർക്കട മനസ്സ് മരത്തിന്റെ ഒരു ശാഖ വിടുന്നു, മറ്റൊന്ന് പിടിക്കുന്നു. ഒന്നു വിടുന്നു അപ്പോൾ അടുത്തത് പിടിക്കുന്നു. എത്ര അസ്വസ്ഥമാണ്. അടിവരെ എത്ര അശാന്തമാണ്. എത്ര വ്യാകുലമാണ്. നമുക്ക് സ്വന്തം വശത്താക്കേണ്ടതുണ്ട്. കാട്ടു സ്വഭാവമാണ്. അതിനാൽ വളരെ ക്ഷമയോടെ ജോലി ചെയ്യേണ്ടതുണ്ട്.

ഏതെങ്കിലും കാട്ടു മൃഗമുണ്ടെങ്കിൽ അതിനെ മെരുക്കേണ്ടതുണ്ട്. ഏതെങ്കിലും കാട്ടുപോത്തുണ്ട് അല്ലെങ്കിൽ കാട്ടാനയുണ്ട് വിചാരിക്കൂ. വിവേകമുള്ള, അനുഭവമുള്ള വ്യക്തി എപ്പോൾ അതിനെ വശത്താക്കാനുള്ള ജോലി ചെയ്യുന്നോ അപ്പോൾ വളരെ ക്ഷമയോടെ, വളരെ ക്ഷമയോടൊപ്പം, കൂടാതെ നിരന്തരതയോടെ ജോലി ചെയ്യുന്നു. വീട്ടിലിരുന്നാൽ ആ നിരന്തരത വരില്ല, കൂടാതെ ക്ഷമയും വക്കാൻ സാധിക്കില്ല, എന്തെന്നാൽ അവിടെ മാർഗ്ഗദർശകനില്ല. അപ്പോൾ ഇത്തരം തപോഭൂമിയിൽ വന്ന് എപ്പോൾ ജോലിചെയ്യുമോ അവിടെ പരിഹസ്ഥിതികൾ അനുകൂലമായിരിക്കും. അപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കും, ജോലി ചെയ്തുകൊണ്ടിരിക്കും. തടസ്സങ്ങൾ വന്നു കൊണ്ടിരുന്നു, എന്നിരുന്നാലും പ്രയ്തനം ചെയ്തുകൊണ്ടു പോകുന്നു. തടസ്സങ്ങൾ വന്നുകൊണ്ടിരിക്കുന്നു, പ്രയത്നം ചെയ്തുകൊണ്ടു പോകുന്നു. ഇങ്ങനെ ചെയ്ത് ചെയ്ത് മനസ്സിനെ മെരുക്കാൻ തുടങ്ങും. അപ്പോൾ പറഞ്ഞു, എപ്രകാരം കാട്ടുപോത്തിനെ മെരുക്കുന്ന വ്യക്തി, കാട്ടാനയെ മെരുക്കുന്ന വ്യക്തി വളരെ ക്ഷമയോടെ ജോലി ചെയ്യുന്നു, കൂടാതെ ചെയ്തുകൊണ്ടുതന്നെ പോകുന്നു, ചെയ്തുകൊണ്ടുതന്നെ പോകുന്നു, അപ്പോഴാണ് സഫലത ലഭിക്കുന്നത്, എന്തെന്നാൽ ജോലി തുടങ്ങിയ ഉടനെ കാട്ടുമൃഗം മെരുങ്ങുന്നില്ല.

ജോലി തുടങ്ങിയ ഉടനെ നമ്മുടെ മനസ്സ് പൂർണ്ണമായും ഏകാഗ്രമാകും എന്നിട്ട് വികാരങ്ങളിൽ നിന്നും മുക്തമാകും, അത്തരത്തിലാകില്ല. വീണ്ടും വീണ്ടും മനസ്സ് വഴി തെറ്റി അലയും. വഴി തെറ്റി അലയുമ്പോൾ രാഗരഞ്ജിതമാകും, ദ്വേഷ ദൂഷിതമാകും, അഥവാ സാധകൻ ഈ കാര്യത്തെപ്പറ്റി കൂടുതൽ വ്യാകുലനാകുക യാണെങ്കിൽ – അയ്യോ, എന്റെ എത്തരത്തിലുള്ള മനസ്സാണ്, എത്ര രാഗരഞ്ജിതമാണ്, എത്ര ദ്വേഷദൂഷിതമാണ്! ഇത് വർത്തമാന കാലത്തിൽ ആകട്ടെ ഉറച്ചു നില്ക്കുന്നതേ ഇല്ല! നമ്മുടെ മാർഗ്ഗദർശകൻ പറയുന്നു, വർത്തമാനകാലത്തിലാണ് ജീവിക്കേണ്ടത്, എന്നാൽ ഇതാകട്ടെ വർത്തമാനകാലത്തിൽ ജീവിക്കുന്നേ ഇല്ല. വ്യാകുലം തന്നെ വ്യാകുലം, വ്യാകുലം തന്നെ വ്യാകുലം. അയ്യോ!, അപ്പോൾ സമത നഷ്ടപ്പെടുത്തിയല്ലോ! സന്തുലനം നഷ്ടപ്പെടുമല്ലോ! ക്ഷമ നഷ്ടപ്പെട്ടാൽ ജോലി എങ്ങനെ നടക്കും? വളരെ ക്ഷമയോടെ ജോലി ചെയ്യേണ്ടതുണ്ട്.

വഴി തെറ്റിയാൽ സ്വീകാരിക്കുന്നു, വഴിതെറ്റിപ്പോയി. രാഗരഞ്ജിതമായാൽ സ്വീകരിക്കുന്നു, രാഗരഞ്ജിതമായി. ഈ ക്ഷണം രാഗരഞ്ജിതമാണ്. ഈ ക്ഷണം ദ്വേഷ ദൂഷിതമാണ്. ഇപ്രകാരം സാക്ഷിഭാവത്തിൽ, നിഷ്പക്ഷ ഭാവത്തിൽ എപ്രകാരമാണോ, അപ്രകാരം അതിനെ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. കേവലം ദൃഷ്ടാ ഭാവം, സാക്ഷി ഭാവം. ഭോക്താ ഭാവം തീർത്തും ഇല്ല. ഭോക്താ ഭാവവും കർത്താ ഭാവത്തിനും വെളിയിൽ പോയിക്കൊണ്ട് – അതായത് കർത്താ ഭാവവുമല്ല, ഭോക്താവുമല്ല, കേവലം ദ്രഷ്ടാവ്. കേവലം കണ്ടുകൊണ്ടിരിക്കുകയാണ്, അറിഞ്ഞു കൊണ്ടിരിക്കുകയാണ്. ശരീരത്തിനെയും ചിത്ത ത്തിനെയും പറ്റി – ഈ സംഭവം സംഭവിച്ചു അപ്പോൾ അറിഞ്ഞു കൊണ്ടിരിക്കുകയാണ്, നോക്കിക്കൊണ്ടിരിക്കുകയാണ് – ഇവിടെ നിന്ന് ജോലി തുടങ്ങുന്നു. അപ്പോൾ വളരെ മുന്നോട്ടുള്ള അവസ്ഥകൾ അത്തരത്തിൽ വരും, എന്തെന്നാൽ അവിടെ ഈ ‘ചെയ്യുന്നു’ എന്നതും പോകും. ‘ഞാൻ’ എന്നതും പോകും. അറിയൽ നടന്നു കൊണ്ടിരിക്കുകയാണ്, കാണൽ നടന്നു കൊണ്ടിരിക്കുകയാണ്, അറിയൽ നടന്നു കൊണ്ടിരിക്കുകയാണ്. ദൃഷ്ടാവും സമാപ്തം, ‘ദൃഷ്ടാ ദൃഷ്ടി മാത്രം.’

വിപശ്യനയുടെ വലിയ പ്രഭാവമുണ്ട്. അതുകൊണ്ടാണ് പതഞ്ജലി പറയുന്നത് – ‘ദൃഷ്ടാ ദൃഷ്ടി മാത്രം’. കേവലം ദർശനം നിലനിന്നാൽ അപ്പോൾ ചിത്തം വിശുദ്ധമായി. എന്നാൽ ഇപ്പോൾ വേരുകൾവരെ ആയില്ല. വളരെ ശുദ്ധമായി എന്നിരുന്നാലും ‘വിശുദ്ധോ പി പ്രത്യയാനുപശ്യഃ’ ഇപ്പോൾ വിപശ്യന നടത്തിക്കൊണ്ടിരിക്കേണ്ടതുണ്ട്. ഇത് മുന്നോട്ടുള്ള അവസ്ഥകളാണ്. പ്രത്യയം

എന്താണ്? ഈ അവസ്ഥയുടെ പ്രത്യയം എന്താണ്, കാരണം എന്താണ്? ഒരു ശാസ്ത്രജ്ഞനെപ്പോലെ ഗവേഷണം ചെയ്യേണ്ടതുണ്ട്. അപ്പോൾ ഏതെങ്കിലും തരത്തിലുള്ള ലേപനം ചെയ്യാൻ സമ്മതിക്കില്ല. യഥാഭൂതം, എപ്രകാരമാണോ, അപ്രകാരം. അതിനെ നോക്കിക്കൊണ്ടുപോകണം, നോക്കിക്കൊണ്ടു പോകണം. തടസ്സങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്, ആ തടസ്സങ്ങളെയും ദൃഷ്ടാ ഭാവത്തിൽ നോക്കി ക്കൊണ്ടിരിക്കുകയാണ്, സാക്ഷിഭാവത്തിൽ നോക്കി ക്കൊണ്ടിരിക്കുകയാണ്.

മുന്നോട്ടു പോയിക്കൊണ്ട് എപ്പോൾ ഈ ദ്രഷ്ടാഭാവവും, സാക്ഷിഭാവവും സമാപ്തമാകുന്നോ അപ്പോൾ കേവലം ദർശനം, കേവലം ജ്ഞാനം, കേവലം ദർശനം, കേവലം ജ്ഞാനം നില നിൽക്കും. കേവലം അറിയേണ്ടതുണ്ട്, കൂടാതെ മനസ്സിലാ ക്കേണ്ടതുണ്ട്. ഇത് കേവലം ദർശനം, കേവലം ജ്ഞാനം – ഇതു തന്നെയാണ് സമ്യക് ദർശനം, സമ്യക് ജ്ഞാനം. ഇതുതന്നെയാണ് കൈവല്യ ജ്ഞാനം വരെ എത്തിച്ചേർക്കുന്നത്.

ആരംഭത്തിലാകട്ടെ ആയിരം ബുദ്ധിമുട്ടുകൾ ക്കിടയിൽകൂടെ കടന്നുപോകേണ്ടതുണ്ട്. കാട്ടാന – അതിനെ വശത്താക്കേണ്ടതുണ്ട്. കാട്ടുപോത്ത് – അതിനെ വശത്താക്കേണ്ടതുണ്ട്, മെരുക്കേണ്ടതുണ്ട്. അപ്പോൾ വളരെ ക്ഷമയോടുകൂടി ജോലി ചെയ്തു ചെയ്ത് അതേ കാട്ടുപോത്ത്, അതേ കാട്ടാന എപ്പോൾ മെരുക്കപ്പെടുന്നോ അപ്പോൾ നമ്മുടെ വളരെ വലിയ സേവകൻ ആയിത്തീരുന്നു. ഏതുവരെ വന്യമായിരുന്നോ അത് മനുഷ്യസമാജത്തിൽ പ്രവേശിച്ചാൽ കോലാഹലം സൃഷ്ടിക്കും. എത്ര വലിയ ഹാനിയുണ്ടാക്കി. എന്നാൽ അതുതന്നെ എപ്പോൾ മെരുക്കപ്പെടുന്നോ അപ്പോൾ ആ കാട്ടു പോത്തിന്റെ മുഴുവൻ ബലം, ആ ആനയുടെ മുഴുവൻ ബലവും നമ്മുടെ സേവക്കുള്ളതായി. നമ്മൾ അതിന്റെ ഉപയോഗം ചെയ്യാൻ തുടങ്ങി.

ശരിക്കും ഇതേ പ്രകാരം, ഈ കാട്ടു മനസ്സ്, ഇതിനെ മെരുക്കേണ്ടതുണ്ട്. മെരുങ്ങിയാൽ ഇതിന്റെ ബലം, അയ്യോ, മനസ്സിന്റെ ബലത്തിനെപ്പറ്റി എന്തു പറയാനാണ്? ആയിരം ആനകളുടെ ബലത്തെക്കാളും കൂടുതൽ ബലവാൻ. ഹാനി ചെയ്യുകയാണെങ്കിൽ ആയിരം ആനകളുടെ ബലത്തെക്കാളും അധികം ചെയ്യുന്നു. കൂടാതെ ഇതുതന്നെ എപ്പോൾ മെരുങ്ങുന്നോ അപ്പോൾ നമ്മുടെ എത്ര വലിയ സേവകനായിത്തീരുന്നു. അതിനാൽ വളരെ ക്ഷമയോടുകൂടി ജോലി ചെയ്യേണ്ടതുണ്ട്, വളരെ ക്ഷമയോടെ.

സാധകന് ഒരു കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്, എന്തെന്നാൽ ജോലി എനിക്ക് തന്നെ ചെയ്യേണ്ടതുണ്ട്, എന്റെ ഉത്തരവാദിത്വമാണ്, ഇത് ഏതെങ്കിലും അഹങ്കാരത്തിന്റെ കാര്യമല്ല. ചിലപ്പോൾ–ചിലപ്പോൾ ഭാരതത്തിൻ നിന്നും ലുപ്തമായ ഈ വിപശ്യനവിദ്യയെ ശരിയായി മനസ്സിലാക്കാത്ത കാരണം, വിവേകമില്ലാത്തതിനാൽ കുറച്ച് ജനങ്ങൾ വിമർശിക്കാറുണ്ട് – ഞാൻ തന്നെത്താൻ മുക്തനാകും, ഞാൻ സ്വന്തം അഴുക്ക് നീക്കും! അപ്പോൾ ഇതാകട്ടെ അഹങ്കാരം വർദ്ധിപ്പിക്കാനുള്ള കാര്യമായില്ലെ? അയ്യോ, ഇല്ല സഹോദരാ, ഇല്ല. ഈ സാധനയാകട്ടെ നമ്മളെ ആ അവസ്ഥയിൽ എത്തി ച്ചേർക്കും – അവിടെ ആത്മഭാവം മുഴുവൻ അലിഞ്ഞുപോകും. അനാത്മഭാവം തന്നെ അനാത്മഭാവം. 'ഞാൻ' ഇല്ല, 'എന്റെ' ഇല്ല. അഹങ്കാരം മമംങ്കാരം, മുഴുവൻ സമാപ്തമായി. അതിനാൽ അഹങ്കാരത്തിന്റെ കാര്യമല്ല, നേരെ മറിച്ച് ഉത്തരവാദിത്വത്തിന്റെ കാര്യമാണ്. ദിവസവും രാവിലെ കുളിക്കുന്നുണ്ടല്ലൊ? എന്തുകൊണ്ടാണ് കുളിക്കുന്നത്? ശരീരം മലിനമായി. ഞാൻ ഉത്തരവാദിയാണ്. ഞാൻ സ്വന്തം ശരീരം മലിനമാക്കി. ഇതിനെ വൃത്തിയാക്കേണ്ട ജോലി എനിക്ക് ചെയ്യേണ്ടതുണ്ട്. മറ്റാരെങ്കിലും എന്തിന് വൃത്തിയാക്കണം? ദിവസവും സ്വയമല്ലെ കുളിക്കുന്നത്? കൂടാതെ കുളിച്ചുകൊണ്ട് അഹങ്കാരമൊന്നും ഉണർത്തുന്നില്ലല്ലോ? നോക്കൂ, ഞാൻ സ്വന്തം ശരീരത്തെ ദിവസവും വൃത്തിയാക്കുന്നവൻ! അഹങ്കാരം എവിടെയാണ് ജനിക്കുന്നത്? നിന്റെ ഉത്തരവാദിത്വമാണ്. മലിനമായാൽ രോഗിയാകും. ഇതിനെ നിരോഗമാക്കേണ്ടതുണ്ട്, ഞാൻ വൃത്തി യാക്കുകയാണ്.

ശരിക്കും ഇതേ പ്രകാരം മനസ്സ് മലിനമായി. മനസ്സ് ആരാണ് മലിനമാക്കിയത്? ഞാനാണ് ചെയ്തത്. സ്വന്തം അജ്ഞാന അവസ്ഥയിൽ ചെയ്തു. ചെയ്തു, മലിനമായി. ഇപ്പോൾ ഇതിന്റെ അഴുക്ക് നീക്കുന്ന ജോലിയും എന്റെയാണ്, എന്റെ ഉത്തരവാദിത്വമാണ്. എനിക്കുതന്നെയാണ് ചെയ്യേണ്ട തുള്ളത്.

ഏതുവരെ ഏതെങ്കിലും പാവം ഈ ഭ്രമത്തിൽ കിടക്കുന്നോ – ഞാനാകട്ടെ വളരെ പ്രയോജനമില്ലാത്തവനാണ്, ഞാനാകട്ടെ വളരെ പതിതനാണ്, ഞാനാകട്ടെ വളരെ ബലഹീനനാണ്! അയ്യോ, ഞാൻ എന്നെത്തന്നെ എങ്ങനെ മുക്തനാക്കാൻ സാധിക്കും? ആർക്കെങ്കിലും കൃപ ഉണ്ടാകുമെങ്കിൽ, ആർക്കെങ്കിലും അനുകമ്പ ഉണ്ടായാൽ അപ്പോൾ അദ്ദേഹം കൃപ ചെയ്ത് തരണം ചെയ്യിപ്പിക്കും. അപ്പോൾ സഹോദരാ, ഓർക്കേണ്ടതുണ്ടല്ലോ, ആ തരണം ചെയ്യിക്കുന്നവൻ നിന്നെ തന്നെ എന്തിന് തരണം ചെയ്യിക്കണം? നെന്നിൽ മാത്രം എന്താ വല്ല വിശേഷപ്പെട്ട ചിറഗു മുളച്ചുട്ടുണ്ടോ തരണം ചെയ്യിക്കാൻ, കാരണം – നീ വളരെ നുണ പറഞ്ഞു പ്രശംസിക്കുന്നു, നുണ പറഞ്ഞ് സന്തോഷിപ്പിക്കുന്നതിൽ വിദഗ്ദനായി നിന്നെ തരണം ചെയ്യിക്കും. അയ്യോ, ആലോചിച്ചു നോക്കൂ സഹോദരാ, തരണം ചെയ്യിക്കുന്നവൻ നിന്നെ തന്നെ എന്തിന് തരണം ചെയ്യിക്കണം? മുഴുവൻ ലോകത്തിലും എത്ര ദുഖിതരുണ്ട്, തരണം ചെയ്യുന്നില്ലല്ലോ? അതിനാൽ സ്പഷ്ടമാണ്, എല്ലാ വ്യക്തിക്കും സ്വയം തരണം ചെയ്യേണ്ടതുണ്ട്. എല്ലാ വ്യക്തിക്കും സ്വന്തം വികാരങ്ങളെ സ്വയം ദൂരീകരിക്കേണ്ടതുണ്ട്. എല്ലാ വ്യക്തിയും സ്വന്തം ഉള്ളിൽ സ്വന്തം വികാരങ്ങളാൽ ബന്ധനത്തിൽ പെട്ടു കിടക്കുകയാണ്. അപ്പോൾ സ്വയം അഴിക്കേണ്ടതുണ്ട്.

ആരെങ്കിലും വളരെ സ്നേഹത്തോടെ നമ്മൾക്ക് വഴി പറഞ്ഞു തരും. ആര് ഈ വഴിയിൽ കൂടി നടന്ന് സ്വയം മുക്ത അവസ്ഥയിൽ എത്തി ച്ചേർന്നിട്ടുണ്ടോ, അദ്ദേഹം വഴി പറഞ്ഞു തരും. നടക്കേണ്ടത് നമ്മൾ തന്നെയാണ്. ചുവടോട് ചുവട് മുഴുവൻ വഴിയും നമ്മൾക്ക് സ്വയം നടന്നുക്കൊണ്ട് തരണം ചെയ്യേണ്ടതുണ്ട്. ആരെങ്കിലും വളരെ സ്നേഹത്തോടെ പ്രാരംഭിക അവസ്ഥയിൽ പറയും,

നല്ലത്, എന്റെ വിരൽ പിടിച്ച് നടക്കുക, അപ്പോൾ കുട്ടികളെപ്പോലെ ഒപ്പം-ഒപ്പം അല്പം നടക്കും, എന്നാൽ നടക്കേണ്ടത് സ്വയം തന്നെയാണ്. ആരെങ്കിലും തോളിൽ എടുത്തുകൊണ്ട് നമ്മളെ അന്തിമ ലക്ഷ്യം വരെ എത്തിച്ചേർക്കും, ഈ വിഭ്രാന്തിയിൽ നിന്നും എത്രവേഗം ദൂരമാകുന്നോ, അത്ര നല്ലത്. അന്തർമനസ്സിന്റെ ആഴങ്ങളിലുള്ള ബന്ധനങ്ങൾ നമ്മളാണ് ഉണ്ടാക്കിയത്. ലോകത്തിലെ മുഴുവൻ പ്രാണികളുടെ മനസ്സിലും വികാരം ജനിപ്പിക്കണമെന്ന്, ലോകത്തിലെ മുഴുവൻ പ്രാണികളുടെ മനസ്സിൽ ബന്ധനം സൃഷ്ടിച്ച്, ലോകത്തിന്റെ മുഴുവൻ പ്രാണികളെയും ദുഖിതരാക്കണമെന്ന് ഏത് അദൃശ്യ ശക്തിക്കാണ് താത്പര്യം?. അയ്യോ, ആരാണ് അത്തരത്തിൽ ചെയ്യുന്നത്? എന്തിനു ചെയ്യണം? എപ്പോൾ ബന്ധനങ്ങൾ നമ്മൾ സൃഷ്ടിച്ചുവൊ, വികാരം നമ്മൾ സഞ്ചിതമാക്കിയോ അപ്പോൾ തുറക്കേണ്ടത് നമ്മളാണ്. നമ്മുടെ വികാര-മാലിന്യങ്ങളുടെ വൃത്തിയാക്കൽ നമ്മൾ ചെയ്യേണ്ടതുണ്ട്. ആരെങ്കിലും വഴി പറയും. വളരെ സ്നേഹത്തോടെ പറഞ്ഞു തരും.

ഭഗവാൻ ബുദ്ധൻ പറയുന്നു – 'തുമേഹി കിച്ചം ആതപ്പം, അക്ഖാ താരൊ തഥാഗതാ' – ജോലി നിങ്ങൾക്കാണ് ചെയ്യേണ്ടത്, നിങ്ങൾക്കാണ് തപസ്സു ചെയ്യേണ്ടത്. ആരെങ്കിലും തഥാഗതനായാൽ മാർഗ്ഗം ആഖ്യാതം ചെയ്യും, മാർഗ്ഗം കാണിക്കും, എന്തെന്നാൽ സ്വയം ഈ മാർഗ്ഗത്തിൽ നടന്നിട്ടുണ്ട്. തഥാഗതൻ എന്നാൽ – തഥതയുടെ സഹായത്താൽ, സത്യത്തിന്റെ സഹായത്താൽ നടന്നു നടന്ന് പരമ സത്യം വരെ എത്തി ച്ചേർന്നു. തഥതയുടെ സഹായത്താൽ നടന്ന്-നടന്ന് തഥാഗതനായിത്തീർന്നു, കരുണയാൽ നിറഞ്ഞു. ഇപ്പോൾ വളരെ സ്നേഹത്തോടെ ജനങ്ങളോട് പറയും നിന്റെ ഉത്തരവാദിത്വമാണ് സഹോദരാ, നടക്കേണ്ടത്. നീ തന്നെയാണ് നടക്കേണ്ടത്, നീ തന്നെയാണ്. ഈ കാര്യം ഏതു വ്യക്തി എത്ര വേഗം മനസ്സിലാക്കുന്നോ, അവന്റെ ഭാഗ്യം തുറക്കപ്പെടുന്നു. മുക്തിയുടെ വഴി പ്രാപ്തമായിത്തീരുന്നു. ഏതുവരെ ഈ ആശയിൽ ഇരുന്നുകൊണ്ടിരിക്കുന്നോ – ഞാൻ വളരെ കൊള്ളരുതാത്തവനാണ്, മറ്റാരെങ്കിലും തരണം ചെയ്യിപ്പിക്കും, മറ്റാരെങ്കിലും തരണം ചെയ്യിപ്പിക്കും, ആർക്കെങ്കിലും കൃപയുണ്ടാകും. അപ്പോൾ സഹോദര, ഈ വഴി അത്തരം ചിന്തക്ക് അനുകൂലമല്ല. സ്വയം നടക്കണം. ബുദ്ധിമുട്ടുകൾ വരും, വീണു പോകും, മുട്ടു തുടച്ചുകൊണ്ട് വീണ്ടും ഏണീറ്റു നില്ക്കും. വീണ്ടും നടക്കും, ഇങ്ങനെ നടന്നു നടന്ന് മുക്ത അവസ്ഥ വരെ എത്തിച്ചേരേണ്ടതുണ്ട്.

ഭഗവാൻ ബുദ്ധന്റെ ജീവിത കാലത്തെ ഒരു സംഭവം – ആ ദിനങ്ങളിൽ അദ്ദേഹം ശ്രാവസ്തിയിൽ താമസിക്കുകയായിരുന്നു. അത് ആ ദിനങ്ങളിലെ ഭാരതത്തിലെ ഏറ്റവും വലിയ ജനസംഖ്യയുള്ള നഗരം, കോസല ദേശത്തിന്റെ തലസ്ഥാനം. അവിടെ അദ്ദേഹത്തിന്റെ ധ്യാനകേന്ദ്രം. അനേകം ഭിക്ഷു, ഭിക്ഷുണികൾ കൂടാതെ നഗരത്തിൽ നിന്ന് ഗൃഹസ്ഥ പുരുഷൻമാർ, സ്ത്രീകൾ വന്ന് ഭഗവാന്റെ പ്രവചനം കേൾക്കുന്നു, അദ്ദേഹത്തിന്റെ നിർദ്ദേശം കേൾക്കുന്നു എന്നിട്ട് അവിടെ ധ്യാനം പഠിക്കുന്നു. ഭഗവാൻ പ്രവചനം കൊടുക്കുകയാണ്. കുറച്ചു ജനങ്ങൾ അത്തരത്തിലുമുണ്ട് അവർ കേവലം പ്രവചനങ്ങളുടെ ആനന്ദം എടുക്കുന്നു. ജോലിയൊന്നും ചെയ്യില്ല. അത്തരത്തിൽ തന്നെ ഒരു വ്യക്തി ഒരു ദിവസം അല്പം വേഗത്തിൽ വന്നു. ആ സമയം തിരക്കൊന്നുമില്ലായിരുന്നു, ആരുമില്ലായിരുന്നു. ഭഗവാൻ ഒറ്റക്ക് ഇരിക്കുകയായിരുന്നു. വളരെ പ്രസന്നനായി. മഹരാജ്, ഒരു പ്രശ്നം വീണ്ടും, വീണ്ടും എന്റെ മനസ്സിൽ ഉയരുന്നു. മറ്റുള്ള ജനങ്ങൾ ഉണ്ടെങ്കിൽ സങ്കോചമുണ്ടാകുന്നു, എങ്ങനെ ചോദിക്കും. നന്നായി, ഇന്ന് താങ്കൾ ഏകനാണ്. ആജ്ഞ തന്നാൽ ചോദിക്കട്ടെ? ഭഗവാൻ പറഞ്ഞു അയ്യോ, ധർമ്മത്തിന്റെ ക്ഷേത്രത്തിൽ ഒരു സംശയവും വക്കരുത്! ഏതെങ്കിലും സംശയമുണ്ടെങ്കിൽ അതിന്റെ നിവാരണം ചെയ്യേണ്ടതുണ്ട്. ചോദിക്കൂ, നിന്റെ ചോദ്യമെന്താണ്? പറയുന്നു, മഹാരാജ്, ഇത്ര ജനങ്ങൾ താങ്കളുടെ പക്കൽ വരുന്നു. ഞാൻ കാണുന്നു ഇതിൽ ചിലർ-ചിലർ ആകട്ടെ സത്യമായും മുക്തരായി. പൂർണ്ണമായും മുക്തരായി. അരഹന്തരായി, ജീവൻ മുക്തരായി. ഇവരിൽ കുറെപ്പേർ ഇത്തരത്തിലും ഉണ്ട്, അവരുടെ ജീവിതത്തിൽ വളരെ പരിവർത്തനം വന്നു, വളരെ മാറ്റമുണ്ടായി. ഇപ്പോൾ പൂർണ്ണ രൂപത്തിൽ മുക്തരായിട്ടില്ല. കൂടാതെ മഹാരാജ്, കുറച്ച് ഇത്തരത്തിലുമുണ്ട്, എന്നെപ്പോലെ – ഒരു വ്യത്യാസവും വന്നില്ല! മഹാരാജ്! എത്തരത്തിലോ അത്തരത്തിൽ തന്നെ, ഒരു മാറ്റവുമില്ല. എന്തുകൊണ്ടാണ് അങ്ങനെ ആകുന്നത്, മഹാരാജ്? താങ്കളെപ്പോലെ മഹാശക്തിശാലിയുടെ പക്കൽ ആരെങ്കിലും വന്നു. താങ്കളുടെ ശരണത്തിൽ വന്നു എന്നാൽ ഒന്നും ലഭിക്കാതിരുന്നു. താങ്കളുടെ ശരണത്തിൽ വന്നിട്ടും അപൂർണ്ണനായിരിക്കുന്നു. ഇത് എന്തു കാര്യമാണ്? താങ്കൾ താങ്കളുടെ മുഴുവൻ ബലവും പ്രയോഗിച്ച്, താങ്കളുടെ മുഴുവൻ കരുണയുടെ ബലത്തിൽ ഞങ്ങളെ എല്ലാവരെയും എന്തുകൊണ്ട് തരണം ചെയ്യുക്കിന്നില്ല.

ഭഗവാൻ പുഞ്ചിരിച്ചു. അയ്യോ, ഇതേ കാര്യമാണ് ദിവസവും മനസ്സിലാക്കിപ്പിക്കുന്നത് – ആരും മനസ്സിലാക്കാൻ തന്നെ ആഗ്രഹിക്കുന്നില്ലെങ്കിൽ എന്തു ചെയ്യാം? അപ്പോൾ വീണ്ടും മനസ്സിലാക്കുന്നതിന് ശ്രമിച്ചു. അദ്ദേഹത്തിന് മനസ്സിലാക്കുന്നതിന് വേറെ-വേറെ മാർഗ്ഗങ്ങളുണ്ടായിരുന്നു. ചിലപ്പോൾ-ചിലപ്പോൾ ചോദ്യം ചോദിക്കുന്നവരോട് മറുചോദ്യം ചെയ്ത് മനസ്സിലാക്കുമായിരുന്നു. അപ്പോൾ ഇദ്ദേഹവുമായും പ്രതിപ്രശ്നം ചോദിച്ചു.

സഹോദരാ, എവിടെ താമസിക്കുന്നവനാണ്?

മഹാരാജ്, ഇവിടെതന്നെ, ഈ ശ്രാവസ്തിയിൽ.

അയ്യോ, ഇല്ല, നിന്റെ മുഖം പറയുന്നു, നിന്റെ വാക്ക് പറയുന്നു, നീ ഇവിടത്തെ അല്ല. നീ മറ്റേതോ പ്രദേശത്തെയാണ്, ഇവിടെ വന്ന് താമസിക്കുകയാണ്.

ഇത് പറഞ്ഞത് ശരിയാണ് മഹാരാജ്, ഞാൻ ശരിക്ക് മഗധയിലുള്ളയാളാണ്.

നല്ലത്, ഇവിടെ വന്ന് താമസിക്കുന്നതിനാൽ മഗധയുമായുള്ള നിന്റെ മുഴുവൻ ബന്ധങ്ങളും മുറിഞ്ഞുപോയൊ? രാജഗിരിയിലേക്ക് നീ വരവും പോക്കും ഇല്ലെ?

മഹാരാജ്, ഇപ്പോഴാകട്ടെ ഞങ്ങളുടെ കുടുംബത്തിലെ ജനങ്ങൾ അവിടെയാണ്. ഞങ്ങളുടെ വ്യാപാരം അവിടെയാണ്. വളരെ പ്രാവശ്യം പോകേണ്ടതുണ്ട് മഹാരാജ്. ശ്രാവസ്തിയിൽ നിന്നും രാജഗിരി, രാജഗിരിയിൽ നിന്നും ശ്രാവസ്തി വളരെ പ്രാവശ്യം വരികയും പോകുകയും ചെയ്യുന്നുണ്ട്.

ഇത്ര പ്രാവശ്യം വരികയും പോകുകയും ചെയ്യുന്നതിനാൽ ഈ വഴി നീ ശരിക്കും നല്ല തരത്തിൽ അറിഞ്ഞിരിക്കുമല്ലൊ?

അയ്യോ, മഹാരാജ്, പറയാനെന്താണുള്ളത് ഇത്ര പ്രാവശ്യം നടന്നിട്ടുണ്ട്. ശരിക്കും അറിഞ്ഞു.

അപ്പോൾ ഒരു കാര്യം കൂടി പറയുക, ഈ നഗരത്തിൽ താമസിച്ച് ഇത്രവർഷങ്ങളായി, നിങ്ങളുടെ അനേകം മിത്രങ്ങളുണ്ടായിരിക്കുമല്ലൊ? അവരിൽ ചിലർ ആത്മമിത്രങ്ങളുമായിരിക്കാം. അവരിൽ ചിലർ ഈ കാര്യത്തെയും അറിഞ്ഞിരിക്കാം, എന്തെന്നാൽ നീ യഥാർത്ഥത്തിൽ ആകട്ടെ രാജഗിരിയിൽ താമസിക്കുന്നവനാണ് കൂടാതെ ഇതും അറിയുമായിരിക്കാം, ഇവിടെനിന്നും രാജഗിരിക്കും, രാജഗിരിയിൽ നിന്നും ഇവിടേക്കും വീണ്ടും വീണ്ടും പോയിക്കൊണ്ടുമിരിക്കുകയാണ്. ഇതും അറിയുമായിരിക്കും, നിനക്ക് ഈ വഴി വളരെ നല്ല രീതിയിൽ അറിയുമെന്നത്?

മഹാരാജ്, അധികം പേർ ഇത്തരത്തിലുണ്ട് അവർ ഈ കാര്യത്തെ ശരിക്കും അറിയുന്നുണ്ട്.

ഇവരിൽ ചിലർ-ചിലർ ചിലപ്പോൾ നിന്നോട് ചോദിക്കുമായിരിക്കും – സഹോദരാ, ഈ ശ്രാവസ്തിയിൽ നിന്നും രാജഗിരിയിലേക്കുള്ള വഴി എങ്ങനെയാണ്? അപ്പോൾ നീ മറക്കുമോ അതോ പറയുമോ?

മഹാരാജ്, ഇതിൽ മറക്കാനുള്ള കാര്യമെന്താണ്? വളരെ സ്നേഹത്തോടെ മനസ്സിലാക്കി ക്കൊടുക്കുന്നു, ഇത്തരം വഴിയാണ്. ഇവിടെ നിന്ന് കിഴ്ക്കോട്ട് പോകുക, വാരണാസി വരും, വീണ്ടും മുന്നോട്ടു പ്പോകുക, ഇപ്രകാരം പോകുക, ഇപ്രകാരം പോകുക, ഗയ വരും, പിന്നെയും മുന്നേറുക, ഈ വഴിക്ക് പോകുക, ആ വഴിക്ക് പോകുക, രാജഗിരി വരും. അപ്പോൾ പറയുക, ആര് ആർക്കൊക്കെ നീ ഇത് പറഞ്ഞു കൊടുത്തുവോ, അവരാകട്ടെ രാജഗിരി എത്തി ച്ചേർന്നിരിക്കാം?

അയ്യോ, മഹാരാജ്, എങ്ങനെ എത്തി ച്ചേരും? ആരെങ്കിലും പോയിട്ടുണ്ടെങ്കിലല്ലെ എത്തി ച്ചേരുകയുള്ളു?

അതിനാൽ മനസ്സിലാക്കുക സഹോദരാ, ഞാനും ഇതു തന്നെയാണ് പറയുന്നത്. ഇത്ര ജനങ്ങൾ എന്റെ പക്കൽ വരുന്നുണ്ട്, അവർ നല്ലവണ്ണം അറിയുന്നുണ്ട് – ഈ വ്യക്തിക്ക് ഇവിടെ നിന്ന് മുക്തിവരെയുള്ള വഴി നല്ലപോലെ അറിയുന്നതാണ്, എന്തെന്നാൽ ഇതിലൂടെ നല്ലവണ്ണം നടന്നിട്ടുണ്ട്. അതിനാൽ പാവങ്ങൾ ചോദിക്കുന്നു. ഞാൻ എന്തിനു മറക്കണം? വളരെ സ്നേഹത്തോടെ അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു, ഈ വഴിയാണ്, ഇങ്ങനെ നടക്കണം, ഇങ്ങനെ നടക്കണം, വഴിയിൽ ഈ സ്റ്റേഷൻ വരും, ഇത്തരം അനുഭവമുണ്ടാകും, മുന്നോട്ട് ഈ സ്റ്റേഷൻ വരും, ഇത്തരത്തിൽ അനുഭവമാകും. ഇങ്ങനെ ആയി-ആയി മുക്ത അവസ്ഥ വരെ എത്തിച്ചേരും. ഇന്ദ്രിയാതീത പരമ സത്യത്തിന്റെ സാക്ഷാത്കാരം ചെയ്യും. ശരിക്കും മനസ്സിലാക്കിക്കൊടുക്കുന്നു. എന്നാൽ ആരെങ്കിലും കേട്ടു, എന്നിട്ട് കേട്ടിട്ട് വളരെ പ്രസന്ന ചിത്തത്തോടെ മൂന്നു പ്രാവശ്യം കുമ്പിട്ടുകൊണ്ട് പറഞ്ഞു, സാധൂ, സാധൂ, സാധൂ! മഹാരാജ്, താങ്കൾ വളരെ നന്നായി മനസ്സിലാക്കി തന്നു. എന്നാൽ ഒരു ചുവടുപോലും നടക്കുന്നില്ല. അപ്പോൾ എങ്ങനെ എത്തിച്ചേരും? കൂടാതെ ആരെങ്കിലും നടക്കാൻ തുടങ്ങി, പത്തടി നടന്നാൽ ലക്ഷ്യത്തിന്റെ പത്തടി സമീപം എത്തിച്ചേർന്നു. 100 അടി നടന്നാൽ നൂറടി അടുത്ത് എത്തിച്ചേർന്നു എന്നിട്ട് ചുവട് ചുവട് വച്ച് മുഴുവൻ വഴിയും അളന്നാൽ ലക്ഷ്യം വരെ എത്തിച്ചേരുക തന്നെ ചെയ്തല്ലൊ. നടക്കേണ്ടതാകട്ടെ സ്വയം തന്നെയാണ്.

ഏതൊരു വ്യക്തി ഈ സത്യത്തെ എത്ര വേഗം മനസ്സിലാക്കുന്നോ – മുഴുവൻ വഴിയും എനിക്ക് തരണം ചെയ്യേണ്ടതുണ്ട്. ഏതൊരു അഴുക്ക് ഞാൻ ഉള്ളിൽ ചേർത്തുവച്ചിട്ടുണ്ടോ, അവയെ എനിക്ക് നീക്കം ചെയ്യേണ്ടതുണ്ട്. ഉള്ളിൽ ഏതൊരു ബന്ധനങ്ങൾ ബന്ധിച്ചിട്ടുണ്ടോ, അവയെ എനിക്ക് അഴിക്കേണ്ടതുണ്ട്. ഈ വിധി ലഭിച്ചു. ഈ വഴി ലഭിച്ചു, ഈ സാധന ലഭിച്ചു. ഇനിയാകട്ടെ ജോലി തന്നെയാണ് ചെയ്യേണ്ടത്, ജോലി തന്നെയാണ് ചെയ്യേണ്ടത്. ആര് ആര് മുക്തിയുടെ മാർഗ്ഗത്തിൽ നടക്കാൻ തുടങ്ങിയോ അതായത് ശുദ്ധ ധർമ്മത്തിന്റെ വഴിയിൽ നടക്കാൻ തുടങ്ങിയോ, അവർ ചിത്ത വിശുദ്ധിയുടെ മാർഗ്ഗത്തിൽ നടക്കാൻ തടുങ്ങി. വിമുക്തിയുടെ മാർഗ്ഗത്തിൽ നടക്കാൻ തുടങ്ങി. മംഗളമാകുന്നു, വളരെ മംഗളമാകുന്നു, നന്മയാകുന്നു, വളരെ നന്മയാകുന്നു. സ്വസ്തിമുക്തിയാകുന്നു, വളരെ സ്വസ്തിമുക്തി ആകുന്നു. ധർമ്മത്തിന്റെ പഥത്തിൽ, ശുദ്ധ ധർമ്മത്തിന്റെ പഥത്തിൽ ആരു നടക്കുമോ, അവരുടെ മംഗളം തന്നെ മംഗളം. നന്മ തന്നെ നന്മ. സ്വസ്തി തന്നെ സ്വസ്തി, മുക്തി തന്നെ മുക്തി.


**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.


**ശിബിരങ്ങളുടെ സൂചിക – 2010**

**പത്തു ദിവസ ശിബിരം:** 14.08.2010 to 25.08.2010 (Female only), 05.09.2010 to 16.09.2010, 02.10.2010 to 13.10.2010, 03.11.2010 to 14.11.2010, 20.12.2010 to 31.12.2010.

**മൂന്നു ദിവസ ശിബിരം:** 06.08.2010 to 09.08.2010, 18.09.2010 to 21.09.2010, 14.11.2010 to 17.11.2010


**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്ദൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി-682026. Phone: (0484)2539891: Mobile: 9495118871, 9846569891.


…………………